# പതിമൂന്നാം കേരള നിയമസഭ

## (പന്ത്രണ്ടാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3767 15/12/2014-ൽ മറുപടിയ്ക്ക്**

**<u>മത്സ്യതൊഴിലാളികളുടെ മക്കൾക്ക് നൽകി വരുന്ന സ്റ്റൈപ്പന്റ്</u>**

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) മത്സ്യതൊഴിലാളികളുടെ മക്കൾക്ക് നൽകി വരുന്ന സ്റ്റൈപ്പന്റ് വിതരണത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് കാലയളവ് മുതൽ എത്ര രൂപയെന്ന് വ്യക്തമാക്കാമോ; | (എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകി വരുന്ന വിദ്യാഭ്യാസ ആനുകൂല്യത്തിൽ 2012-13 വർഷം മുതൽ കുടിശ്ശിക വന്നിട്ടുണ്ട്. 2012-13 വർഷത്തിൽ 1.70 കോടി രൂപയും 2013-14 വർഷത്തിൽ 12.66 കോടി രൂപയും കുടിശ്ശിക ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. |
| (ബി) സ്റ്റൈപ്പന്റ് യഥാസമയം വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ? | (ബി) 2014-15 സാമ്പത്തിക വർഷത്തിൽ 9 കോടി രൂപയാണ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. എന്നാൽ 2012-13 വർഷത്തിൽ 1.70 കോടി രൂപയും 2013-14 വർഷത്തിൽ 12.66 കോടി രൂപയും കുടിശ്ശിക ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളിൽ കുടിശ്ശിക തുക നൽകുന്നതിന് ഫസ്റ്റ് ബാച്ച് എസ്.ഡി.ജി യിൽ 15 കോടി രൂപ അനുവദിച്ചു നൽകുകയും ചെയ്തു. ഈ വർഷത്തെ ബഡ്ജറ്റ് ശീർഷകത്തിലെ 9 കോടി രൂപയും എസ്.ഡി.ജി പ്രകാരം അനുവദിച്ച 15 കോടി രൂപയും ചേർത്ത് ആകെ 24 കോടി രൂപ മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിനായി 2014-15 സാമ്പത്തിക വർഷം ജില്ലാ ഓഫീസർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ജില്ലാ ഓഫീസർമാർ ടി ഫണ്ട് കുടിശ്ശിക തീർക്കുന്നതിനായി വിതരണം ചെയ്ത് വരുന്നു. |

സെക്ഷൻ ആഫീസർ